**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2880** **24-02-2026 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി തുറവൂർ-കുത്തിയതോട് പഞ്ചായത്തുകളിലെ പൈപ്പ്-ലൈൻ മാറ്റുന്നതുമായി ബന്ധപ്പെട്ട് 2023-24 ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ ഭരണാനുമതി ലഭിച്ചോ എന്ന് വിശദമാക്കാമോ; | (എ) | നിലവിൽ ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ? | (ബി) | 2023-24 ബഡ്ജറ്റിലെ വർക്ക് അപ്പെൻഡിക്സ്-IIൽ ഉൾപ്പെടുത്തിയിരുന്ന "അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണവും മാലിന്യ സംസ്കരണ പ്ലാന്റും" എന്ന പ്രവൃത്തിയിൽ ഭേദഗതി വരുത്തി, "അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് പഞ്ചായത്തു പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്" എന്ന പ്രവൃത്തിക്ക് G.O.(Rt) No.10177/2025/FIN പ്രകാരം 19.12.2025 ആണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതേ തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ ഡീറ്റൈൽഡ് എഞ്ചിനീറിംഗ് റിപ്പോർട്ട് തയ്യാറാക്കി. ഈ പ്രവൃത്തി ഉൾപ്പെടുത്താവുന്ന ശീർഷകമായ "ഗ്രാമീണ കുടിവെള്ള പദ്ധതികൾ"- ബജറ്റ് വിഹിതമായി 15 കോടി രൂപ ലഭ്യമായിരുന്നെങ്കിലും, മേൽ പറഞ്ഞ ഉത്തരവ് പുറപ്പെടുവിച്ചതിനോടകം 14.95 കോടി രൂപയുടെ ഭരണാനുമതി വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച് കഴിഞ്ഞിരുന്നു. നിലവിൽ 5 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ അവശേഷിക്കുന്നത്. അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് പഞ്ചായത്തു പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന പ്രൊപോസൽ 5 കോടി രൂപ ചിലവ് വരുന്നതാണ്. ആയതിനാൽ 4.95 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ആവശ്യമായുണ്ട്. ഇതിനായി ഈ ശീർഷകത്തിൽ 4.95 കോടി രൂപയുടെ അഡീഷണൽ ഓതറൈസേഷൻ നൽകണമെന്ന കേരള വാട്ടർ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ